(ഡി) ഈ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതുകൊണ്ട് കോളേജു സ്റ്റാഫിനും നോൺടീച്ചിംഗ് സ്റ്റാഫിനും വല്ല ആനുകൂല്യങ്ങളും നൽകുവാനുദ്ദേശമുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം;

(എഫ്) ഡിഗ്രി ക്ലാസിന് ഷിഫ്റ്റ് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ വിദ്യാർത്ഥികളും പാസ്സായതുകൊണ്ട് കൂടുതൽ അപേക്ഷകർക്ക് അംഗീകൃത കോളേജുകളിൽ പ്രീഡിഗ്രി ക്ലാസിൽ പ്രവേശനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഷിഫ്റ്റ് ഏർപ്പെടുത്തിയത്.

(സി) ഈ വർഷം ഷിഫ്റ്റ് ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് അനുവാദം കൊടുത്തിട്ടുള്ള കോളേജുകളുടെ ലിസ്റ്റു മേശപ്പുറത്ത് വച്ചിട്ടുണ്ട്. *

(ഡി, ഇ) ഷിഫ്റ്റ് ഏർപ്പെടുത്തിയതുമൂലം കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ സംഖ്യാവർദ്ധനവിനനുസരണമായി നിയമാനുസരണമുള്ള എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത കോളേജുകളിലെ ടീച്ചിംഗും നോൺടീച്ചിംഗ് സ്റ്റാഫിന് ലഭ്യമാകുന്നതാണ് കൂടാതെ പ്രിൻസിപ്പാളൻമാർക്കും പ്രതിമാസം 200 (ഇരുന്നൂറു) രൂപ. സ്പെഷ്യൽ പേ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശമില്ല.

ബുക്ക് പബ്ലിഷിങ്ങ് ഫൈനാൻസ് കോർപ്പറേഷൻ രൂപീകരണം

* 123 [132] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നല്ല പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനു മുൻഗണനം ഇറക്കാൻ കഴിയാത്തതിനാൽ പ്രസാധകൻമാർ വിഷമിക്കുന്നുവെന്നതിന് പരിഹാരമായി ഒരു "ബുക്ക് പബ്ലിഷിങ്ങ് ഫൈനാൻസ് കോർപ്പറേഷൻ" രൂപീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കാൻ തയ്യാറാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) ബുക്ക് ഡവലപ്പ്മെൻറ് ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

ടെലിവിഷൻ സെൻറർ

* 124 [133] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നു പറയുന്ന ടെലിവിഷൻ സെൻറർ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വല്ല അറിവും ലഭിച്ചിട്ടുണ്ടോ;

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് ചെയ്യേണ്ട കാര്യങ്ങൾ എല്ലാം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ആറാം പദ്ധതിക്കാലത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ടെലിവിഷൻ സെൻററുകളിൽ ഏതിനാണ് മുൻഗണന നൽകിയിട്ടുള്ളത്;

(ഡി) കേരളത്തിലെ ടെലിവിഷൻ സെൻററിൻെറ പണിക്ക് മുൻഗണന നൽകണമെന്ന് ദൂർദർശൻ ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) വ്യക്തമായ അറിവ് ലഭിച്ചിട്ടില്ല. എങ്കിലും 1982-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് കേന്ദ്രത്തിലെ മുൻവാർത്താവിതരണ പ്രക്ഷേപണവകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്രകാരം ഏതെങ്കിലും കേന്ദ്രത്തിന് മുൻഗണന നൽകിയിട്ടുള്ളതായി കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടില്ല.

(ഡി) അറിവില്ല.

വിദ്യാർത്ഥി നേതാക്കൾ സമർപ്പിച്ച മെമ്മോറാണ്ടം

* 125 [134] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് നടയിൽ വിദ്യാർത്ഥിസംഘടനാനേതാക്കൾ നിരാഹാരസമരം നടത്തുന്നതിനുമുമ്പായി ഗവൺമെൻറിനു സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ എന്തെല്ലാം;

(ബി) നിരാഹാരസമരം അവസാനിപ്പിച്ച ഘട്ടത്തിൽ ഗവൺമെൻറ് വിദ്യാർത്ഥിനേതാക്കൾക്ക് നൽകിയ ഉറപ്പുകൾ എന്തെല്ലാം?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി എച്ച്. മുഹമ്മദുകോയ):

(എ) പ്രധാന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. എല്ലാ കോളേജുകളിലും ഷിഫ്റ്റ് ആരംഭിക്കുക.

2. യാത്രാസൗകര്യം വിപുലപ്പെടുത്തുക.

3. ഹരിജൻ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുകയും ചെയ്യുക.

4. പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ നൽകുക.

5. ഹൈസ്കൂൾ സിലബസ് ശാസ്ത്രീയമായി ലഘൂകരിക്കുക.

6. പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുക.

7. ഐ. ടി. ഐ., ജെ. ടി. എസ്., പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രശ്നങ്ങൾ പരിഹരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly